പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 406

14.11.2019 ൽ മറുപടിക്ക്

## തീരമേഖലയുടെ സമഗ്രമായ നവീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, കെ. ആൻസലൻ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | തീരമേഖലയുടെ സമഗ്രമായ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | തീരമേഖലയുടെ സമഗ്രമായ നവീകരണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ പുനരധിവാസം - പ്രത്യേക പാക്കേജ് (2016-17) - 25 കോടി രൂപ.<br>2. ഭൂരഹിത മത്സ്യത്തൊഴിലാളി ഭവന പദ്ധതി - പാർപ്പിടസൗകര്യത്തിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം (2016-17)<br>3. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>4. വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>5. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.<br>6. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>7. ഓഖി പുനരധിവാസ പദ്ധതികൾ.<br>8. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന സംയോജിത ഇൻഷ്വറൻസ് പദ്ധതി<br>9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.<br>10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.<br>11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ. |
| (ബി) | തീരമേഖലയിലെ സ്കൂളുകളുടെ നവീകരണമടക്കം ഏതെല്ലാം മേഖലയിലെ വികസനമാണ് കിഫ്ബി മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്; | (ബി) | മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം /പുനരുദ്ധാരണം, മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപ പ്രദേശങ്ങളിലെ തീരസംരക്ഷണ പ്രവൃത്തിയായ ഗ്രോയിനുകളുടെ നിർമ്മാണം എന്നിവയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 159.16 കോടി രൂപയുടെ പദ്ധതിയാണ് KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം |

| | | | |
|---|---|---|---|
| | | | തടയുന്നതിനും കൊല്ലം മുതൽ താന്നി വരെയുള്ള തീരത്തെ കരയെടുത്തു പോകുന്നത് തടയുന്നതിനുമാണ്. കൂടാതെ, പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള തീരശോഷണം തടയുന്നതിന് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്ന പദ്ധതിയും ഇതിൽപ്പെടും.<br>തീരപ്രദേശത്തെ 69 സ്കൂളുകളുടെ നവീകരണത്തിനും 65 മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുമുള്ള പദ്ധതികളും ആവിഷ്കരിച്ച് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തീരമേഖലാ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ടോ; | (സി) | തീരദേശ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 69 സ്കൂളുകൾക്ക് 141.27 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി അപ്രൈസൽ വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനക്കുശേഷം 60 സ്കൂളുകളുടെ അപ്രൈസൽ റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭിക്കുകയും കിഫ്ബി നിർദ്ദേശങ്ങൾക്കനുസൃതമായി എസ്റ്റിമേറ്റുകൾ ക്രമപ്പെടുത്തി 57 സ്കൂളുകൾക്കായി (64.84 കോടി രൂപയുള്ള) പുതുക്കിയ എസ്റ്റിമേറ്റുകൾ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ബാക്കി സ്കൂളുകളുടെ വിലയിരുത്തൽ റിപ്പോർട്ട് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടില്ല. 65 മാർക്കറ്റുകളുടെ നവീകരണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മത്സ്യമാർക്കറ്റുകൾ ആധുനിക രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മുൻകാലത്ത് 39 മാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ എൻ.എഫ്.ഡി.ബി./ കേന്ദ്രഗവൺമെന്റ് ധനസഹായത്തോടെ നടപ്പിലാക്കിയിരുന്നു. എന്നാൽ ഇപ്പോൾ എൻ.എഫ്.ഡി.ബി. വഴിയും കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി പ്രകാരവുമുള്ള ധനസഹായം നാമ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 65 മാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകരം നൽകിയതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ നടപടി സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ